# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.3)1873/2023)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 21/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.3)1873/2023) തീയ്യതി: 21/12/2023

## തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-01-2023 മുതൽ 17-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-01-2023 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2023 | 25-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-11-2023 | 25-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)

ശ്രീ. നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി ബിന്ദു.സി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സഫന.എൻ.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു രാധാകൃഷ്ണൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രാമദാസ് കെ.എസ് | സെക്രട്ടറി | 01-04-2022 | 12-04-2022 |
| ശ്രീ.കെ ബി മുഹമ്മദ് റഫീക്ക് | സെക്രട്ടറി | 13-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ഫരീദ ഇ.ഐ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.സജി പി.എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 17-04-2022 |
| ഡോ. സൈദ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 18-04-2022 | 31-03-2023 |
| മിനി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീജ.വി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 13-09-2022 |
| സിന്ധു.വി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 14-09-2022 | 11-10-2022 |
| പ്രീതി.സി.ഡി. | അസിസ്റ്റന്റ് എഞ്ചിനീയർ | 12-10-2022 | 31-03-2023 |
| അരുൺ.എം.എം. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.സെൽവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എടവിലങ്ങ് | 01-04-2022 | 05-11-2022 |
| ശ്രീമതി.ഗിരിജാ ദേവി വി.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,എടവിലങ്ങ്(ചാർജ്) | 06-11-2022 | 26-12-2022 |
| ശ്രീമതി.ഷെഹീന.വി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,എടവിലങ്ങ് | 27-12-2022 | 20-03-2023 |
| ശ്രീമതി.ഗിരിജാ ദേവി വി.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,എടവിലങ്ങ്(ചാർജ്) | 21-03-2023 | 31-03-2023 |
| ശ്രീമതി.ഗിരിജാ ദേവി വി.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കാര | 01-04-2022 | 31-03-2023 |
| ശ്രീമതി.സിന്ധു.ടി.സി | പ്രധാന അദ്ധ്യാപിക | 01-04-2022 | 05-06-2022 |
| ശ്രീമതി.നിഷ.കെ.എ | പ്രധാന അദ്ധ്യാപിക | 06-06-2022 | 31-03-2023 |
| ശ്രീമതി.ചിപ്പി ഖാദർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 15-06-2022 |
| ശ്രീമതി.ലീന തോമസ് | ഫിഷറീസ് ഇൻസ്പെക്ടർ | 16-06-2022 | 31-03-2023 |
| ശ്രീമതി.സിനിമോൾ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ബിന്ദു ആന്റണി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 05-01-2023 |
| ഒഴിവ് | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 06-01-2023 | 18-01-2023 |
| ഇന്ദു വിശ്വകുമാർ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 19-01-2023 | 31-03-2023 |
| അനുജ.സി.ലോനപ്പൻ | കൃഷി ഓഫീസർ | 01-04-2022 | 31-08-2022 |
| ആതിര ലിജു | കൃഷി ഓഫീസർ | 01-09-2022 | 31-03-2023 |
| ഡോ.നിമിഷ ദാസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ ഒരേ അക്കൌണ്ട് രണ്ട് തവണ- പോസിറ്റീവ് നീക്കിയിരിപ്പും നെഗറ്റീവ് നീക്കിയിരിപ്പും | 1-1-3 |
| 5 | റീകൺസിലിയേഷൻ പത്രികയിലെ പാസ്സ്ബുക്ക് നീക്കിയിരിപ്പ് ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | " Directly Debited By Bank" -തുക ക്രമീകരിക്കേണ്ടതാണ് | 1-1-5 |
| 7 | " Liability In Respect Of Stale Cheque" -തുക ക്രമീകരിക്കേണ്ടതാണ് | 1-1-6 |
| 8 | വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ലൈബ്രറി സെസ്സ് - ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നതിൽ വ്യത്യാസം | 1-1-8 |
| 10 | വസ്തുനികുതി മുൻകൂർ -വാർഷിക കണക്കും ഡി.സി.ബി സ്റ്റേറ്റ്മെന്റും പൊരുത്തമില്ല | 1-1-9 |
| 11 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | ജേണൽ വൗച്ചർ മുഖേന സാങ്കല്പികമായി വർദ്ധിപ്പിച്ച ഡിമാന്റ് തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 1-1-11 |
| 13 | അഡ്വാൻസ്-ചെലവ് ശീർഷകം തെറ്റായി രേഖപ്പെടുത്തി | 1-1-12 |
| 14 | ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി | 1-1-13 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-14 |
| 16 | വാടക ഡിമാന്റ്- കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-15 |
| 17 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. | 1-1-16 |
| 18 | ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-17 |
| 19 | വാടക- കുടിശ്ശികക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-18 |
| 20 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. | 1-1-19 |
| 21 | ഷെഡ്യൂൾ ബി -4 പ്രകാരമുള്ള തുകയും ഷെഡ്യൂൾ ബി -17 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-20 |
| 22 | ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-21 |
| 23 | Income And Expenditure Account പ്രകാരം കമ്മിതുക (Net Defecit) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ കമ്മിതുക തെറ്റായി കണക്കാക്കി | 1-1-22 |
| 24 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല | 1-1-23 |
| 25 | ബജറ്റ് | 1-2 |
| 26 | ഫണ്ട് വിനിയോഗം | 1-3 |
| 27 | പദ്ധതി അവലോകനം | 1-4 |
| 28 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 29 | ക്ഷേമ പദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ I-6 പ്രകാരമുള്ളത്) | 1-6 |
| 30 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 31 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 32 | തനത് വരുമാനം - അവലോകനം | 1-9 |
| 33 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 34 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല | 1-11 |
| 35 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ | 1-12 |
| 36 | ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 37 | FACTEOS ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങൾ നടത്തുന്നതിന് ഉപയോഗപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം | 1-14 |

| | | |
|---|---|---|
| | വ്യത്യാസപ്പെട്ടിരിക്കുന്നു. | |
| 38 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-15 |
| 39 | കരാറില്ലാതെ കടമുറികൾ വാടകയ്ക്ക് നൽകി | 1-16 |
| 40 | മരങ്ങളുടെ ലേലം - വനവികസന നികുതി അടവാക്കിയിട്ടില്ല | 1-17 |
| 41 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം, വാർഷിക കണക്കുകളുടെ ഓഡിറ്റ് | 1-18 |
| 42 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല . | 1-19 |
| 43 | സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം-10987/-അധികം നൽകി | 1-20 |
| 44 | അമൃതം ഫുഡ് വാങ്ങിയതിന് ജി എസ് ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-21 |
| 45 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുണ്ട് | 1-22 |
| 46 | മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 47 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - 11184/- രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 48 | കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-25 |
| 49 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നടപ്പാക്കിയ പ്രൊജക്ടുകൾ–മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-26 |
| 50 | മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിച്ചിട്ടില്ല | 1-27 |
| 51 | ഹോമിയോ-മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല | 1-28 |
| 52 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - അപാകതകൾ | 1-29 |
| 53 | സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല | 1-30 |
| 54 | കുഴിച്ചെടുത്ത ഭൂരിഭാഗം മണ്ണും എന്ത് ചെയ്തു എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല - ലേല നടത്തിയതിന്റെ വ്യക്തമായ വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-31 |
| 55 | ഗ്രാമപഞ്ചായത്തിന്റെ സ്ഥിരാസ്തികളുടെ എണ്ണം, ആധാരവിവരങ്ങൾ എന്നിവ ലഭ്യമല്ല | 1-32 |
| 56 | കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സംബന്ധിച്ച പൂർണവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-33 |
| 57 | കോസ്റ്റൽ ഹൈവേ അലൈൻമെന്റ്-അലൈൻമെന്റ് വരുമ്പോൾ നഷ്ടപരിഹാരം ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം-10987/-അധികം നൽകി | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു വേണ്ടി ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-1 |
| 2 | സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഓഡിറ്റ് വർഷത്തിൽ മുൻകൂർ നൽകിയതിൽ ഇനിയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് എടവിലങ്ങ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.07.2023 ലെ 1(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 21.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി

രേഖപ്പെടുത്തിയിരിക്കുന്നത് -2010585/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3675786/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ ഒരേ അക്കൌണ്ട് രണ്ട് തവണ- പോസിറ്റീവ് നീക്കിയിരിപ്പും നെഗറ്റീവ് നീക്കിയിരിപ്പും

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 ൽ ഒരേ അക്കൌണ്ട് രണ്ട് തവണ താഴെ ചേർക്കും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

| കോഡ് | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|
| 450210105 | Treasury Account Of Covid | -630845 |
| 450210105 | Treasury-Covid-( 799012900000048) | 630845 |

ഈ അക്കൌണ്ടിന്റെ ലെഡ്ജറിൽ നീക്കിയിരിപ്പ് ഇല്ല. എന്നാൽ ബാങ്ക് ബുക്കിൽ 31.03.2023ൽ 630845 രൂപ നീക്കിയിരിപ്പ് ഉണ്ട് . ട്രഷറി സ്റ്റേറ്റ്മെന്റിൽ 30.03.21 ൽ ഈ തുക Debit ചെയ്ത് നീക്കിയിരിപ്പ് പൂജ്യം ആയിട്ടുണ്ട്. കൂടാതെ റീകൺസിലിയേഷൻ പത്രിക ലഭ്യമാക്കിയിട്ടില്ല.

### 1-1-4 റീകൺസിലിയേഷൻ പത്രികയിലെ പാസ്സ്ബുക്ക് നീക്കിയിരിപ്പ് ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ പത്രികയിലെ 31.03.23 ലെ പാസ്സ്ബുക്ക് നീക്കിയിരിപ്പ് ബാങ്ക് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ബാങ്ക് | അക്കൌണ്ട് നമ്പർ | റീകൺസിലിയേഷൻ പത്രിക പ്രകാരം നീക്കിയിരിപ്പ് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | DISTRESS RELIEF FUND KTCB- 1,257.00 | 110353000001553 | 1257/- | 1373/- |
| 2 | EMS TDCB - DISTRICT CO-OPERATIVE BANK- | 10707032458 | 17452/- | 17630/- |

### 1-1-5 " Directly Debited By Bank" -തുക ക്രമീകരിക്കേണ്ടതാണ്

താഴെ കൊടുത്തിട്ടുള്ള അക്കൌണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം "Directly Debited By Bank" എന്ന ഇനത്തിലെ തുകയും കൂടി ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| ബാങ്ക് | തീയ്യതി | തുക |
|---|---|---|
| E PAYMENT- STATE BANK OF INDIA-( 37096791177) | 15.11.2022 | 555 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ,പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

### 1-1-6 " Liability In Respect Of Stale Cheque" -തുക ക്രമീകരിക്കേണ്ടതാണ്

Cheque Issued But Not Presented Into Bankഎന്ന ഇനത്തിൽ 45027/-രൂപ ഉൾപ്പെടുത്തിയാണ്

KTCB OWN FUND - ( 110353000001551) ബാങ്ക് അക്കൌണ്ടിന്റെ റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. ആയതിൽ താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In

Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 480047 | 21.08.19 | 214 |
| 673970 | 18.03.22 | 7948 |
| 674045 | 05.05.22 | 1000 |
| 694196 | 29.06.22 | 750 |
| ആകെ | | 9912/- |

**1-1-7 വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

(1)തൻവർഷം-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1715536 | 1706003 | 12025 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1715536 | 1703555 | 4021 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

"സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരവും വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരവും ഡിമാന്റും ബാലൻസും ഒന്ന് തന്നെയാണ്. എന്നാൽ കളക്ഷനും മുൻകൂർ ക്രമീകരിച്ചതും വ്യത്യാസപ്പെട്ടിരിക്കുന്നു.

(2)തൻവർഷം-നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 891914 | 890213 | 4897 | 0 |

| | | | | |
|---|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 891914 | 887032 | 3986 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരവും വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരവും ഡിമാന്റും ബാലൻസും ഒന്ന് തന്നെയാണ്. എന്നാൽ കളക്ഷനും മുൻകൂർ ക്രമീകരിച്ചതും വ്യത്യാസപ്പെട്ടിരിക്കുന്നു.

(3)കുടിശ്ശിക-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2252 | 2262 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 * | 2262 | 0 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരവും വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരവും ഡിമാന്റിൽ വ്യത്യാസമുണ്ട്.

വാർഷികകണക്ക് പ്രകാരം ഡിമാന്റ് ഇല്ല. എന്നാൽ 190100101- Prior Period Income-Property Tax എന്ന അക്കൌണ്ട് പ്രകാരം 2262/- രൂപയുടെ ഡിമാന്റ് സാങ്കല്പികമായി ജേണൽ വൗച്ചർ (V.No.42201242/31.03.23) മുഖേന വർദ്ധിപ്പിച്ചിരിക്കുന്നു.

(4)കുടിശ്ശിക-നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 63901 | 63903 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 36726 * | 63903 | 0 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

* വാർഷികകണക്ക് പ്രകാരം 36726/- രൂപയുടെ ഡിമാന്റ് ഉള്ളൂ. എന്നാൽ 190100101- Prior Period Income-Property Tax എന്ന അക്കൌണ്ട് പ്രകാരം 27182/- രൂപയുടെ ഡിമാന്റ് സാങ്കല്പികമായി ജേണൽ വൗച്ചർ (V.No.42201241/31.03.23) മുഖേന വർദ്ധിപ്പിച്ചിരിക്കുന്നു.

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-8 ലൈബ്രറി സെസ്സ് - ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നതിൽ വ്യത്യാസം

ലൈബ്രറി സെസ്സ് ഇനത്തിൽ തൻവർഷത്തെ ആകെ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 135043/-രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി

സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല, മറിച്ച് 135943/- രൂപയാണ്.

## 1-1-9 വസ്തുനികുതി മുൻകൂർ -വാർഷിക കണക്കും ഡി.സി.ബി സ്റ്റേറ്റ്മെന്റും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 2448 | 411605 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 3181 | 57499 |

## 1-1-10 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ 128 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31.03.23 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന ജേണൽ വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-11 ജേണൽ വൗച്ചർ മുഖേന സാങ്കല്പികമായി വർദ്ധിപ്പിച്ച ഡിമാന്റ് തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

Property Tax (Arrears) ന്റെ ഡിമാന്റ് വർദ്ധിപ്പിച്ചത് B-15 Sundry Debtors (Receivables) എന്ന അക്കൌണ്ടിൽ ഉൾപ്പെടുത്താതെ 190100101- Prior Period Income-Property Tax എന്ന നോമിനൽ അക്കൌണ്ടിൽ ഉൾപ്പെടുത്തിയതിനാൽ ഈ തുക ബാലൻസ് ഷീറ്റിൽ വരാതെയും ആയത് പിരിച്ചെടുക്കാൻ സാധിക്കാതെയും പോയി. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക

വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42201242 | 31.3.2023 | 2262 |

നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42201241 | 31.3.2023 | 27182 |

## 1-1-12 അഡ്വാൻസ്-ചെലവ് ശീർഷകം തെറ്റായി രേഖപ്പെടുത്തി

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 4605002...-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം , മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നമില്ല.ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രം.ന | പ്രോജക്റ്റ് | വൗച്ചർ നമ്പർ/ തിയ്യതി | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 162/23 Disconnection Charge For Water Authoruty | 42201172/ 23.01.23 | 210000 | 251120105 Public Drinking Water Programmes-Remitting Drinking Water Charges To Kerala Water Authority | 460500201-Advance To Implementing Agencies-Deposit With Kerala Water Authoruty |
| 2 | 44/23 Post Shifting | 42200926/ 31.03.23 42201113/ 07.03.23 **42201071/ 28.03.23** | 34285 17482 14246 75000/- അഡ്വാൻസ് ആയി ബുക്ക് ചെയ്തിട്ടുണ്ട്. (ആകെ അഡ്വാൻസ് 141013/-) | 251200001 Electric Line-Post Re-Arrangement | 460500202-Advance To Implementing Agencies-Deposit With Kerala Electricity Board |
| 3 | 85/23 Electrification Of Krishibhavan Plant | 42200168/ 12.06.22 | 11590 | 251230001 Plan Formulation, Implementation And Monitoing- | 460500202-Advance To Implementing Agencies-Deposit With Kerala Electricity Board |

| | | | | | |
|---|---|---|---|---|---|
| | | | | Plan Formulation, Implementation And Monitoring Programmes | |

മേൽ പ്രകാരം വികസനഫണ്ട്/(മെയിന്റനൻസ് ഗ്രാന്റ് ഒഴികെ മറ്റ് ഗ്രാന്റുകൾ) ൽ നിന്നും നല്കിയ മേൽ തുകകൾ 31/3/2023 ൽ ചെലവഴിക്കാത്തതിനാൽ ആയത് B-4 Grants And Contribution For Specific Purpose എന്ന ഷെഡ്യൂളിൽ അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-1-13 ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായി റവന്യു ചെലവായി രേഖപ്പെടുത്തി**

| ക്രമ നം | പ്രോജക്റ്റ് | വൗച്ചർ/ തീയ്യതി | തുക | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 1 | 22/23 Smart Garbage Monitoring System | 42200405/23.09.22 | 62000 | 251130102<br>Public Programmes-Despatch The Wastes To Processing Places |
| 2 | 78 Mike Set For SC Samskarika Nilayam | **42200991/19.08.22** | 33515 | 251101303<br>Promotion Of Arts-Culture-Sports-Cultural Activities |

**1-1-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-15 വാടക ഡിമാന്റ്- കൃത്യമായി രേഖപ്പെടുത്തുന്നില്ല**

2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 1771586<br>5202 | 31.03.2023<br>31.03.2023 | 42201285<br>42201309 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന ജേണൽ വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-1-16 "Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18,ഐ-19) പ്രകാരം താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18,ഐ-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 20588/- |
| 190100102-Prior Period Income-Profession Tax | 15000/- |
| 190200201-Prior Period Income-Licence Fees | 10980/- |
| 190200302-Prior Period Income-Electricity Charges Collected | 58/- |
| 190200401-Prior Period Income -Other Incomes | 957/- |
| 290500102-Prior Period Expenses- Tax Remission & Refund | -238 |
| 290800101-Prior Period Expenses- Establishment Expenses | -266/- |
| 290800201-Prior Period Expenses- Administrative Expenses | -2500/- |
| 290800401-Prior Period Expenses- Interest And Finance Charges | -250/- |
| 290800701-Prior Period Expenses- Miscellaneous-Expenses | -85890/- |

## 1-1-17 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-18 വാടക- കുടിശ്ശികക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 , കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-19 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

2022-23 വർഷത്തെ Income And Expenditureപത്രിക പ്രകാരം 4040894/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ്

ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

**1-1-20 ഷെഡ്യൂൾ ബി -4 പ്രകാരമുള്ള തുകയും ഷെഡ്യൂൾ ബി -17 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320100105 | Awards And Honours - Central Government | 520000 | 450210101 | GPDP, SUCHITWA MISSION, AWARD FEDERAL BANK FE-( 13880200303964) | 500000 |
| 2 | 320200104 | CFC - Basic Tax Grant | 1256827 | 450210101 | CFC GRANT- FEDERAL BANK (13880100260553) | 2591507 |
| 3. | 320200113 | CFC - Tied Fund | 1331062 | | | |
| 4 | 320700104 | Contributions For Joint Venture Projects (For Capital Expenditure) - Block Panchayat | 450 | 450210201 | JOINT VENTURE A/C-( 799011400001338) | 0 (982019/- റിസംപ്ഷൻ തുക കണക്കിലെടുത്താലും പൊരുത്തപ്പെടുന്നില്ല) |
| 5 | 320700105 | Contributions For Joint Venture Projects (For Capital Expenditure) -District Panchayat | 25952 | | | |
| 6 | 320700204 | Contributions For Joint Venture Projects (For Revenue Expenditure) -Block Panchayat | 432419 | | | |
| 7 | 320700205 | Contributions For Joint Venture | 613613 | | | |

| | | | | |
|---|---|---|---|---|
| | | Projects (For Revenue Expenditure) -District Panchayat | | |

## 1-1-21 ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടിന് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450210102 | EMS TDCB - DISTRICT CO-OPERATIVE BANK-( 10707032458) | 17452 |

## 1-1-22 Income And Expenditure Account പ്രകാരം കമ്മിതുക (Net Defecit) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ കമ്മിതുക തെറ്റായി കണക്കാക്കി

Income And Expenditure Account പ്രകാരം കമ്മിതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 118,083,637 |
| ആകെ ചെലവ് (B) | | 118,355,498 |
| കമ്മി തുക C= A-B | | -271,861 |
| Prior Period Income (I-19) | 47,583 | |
| Prior Period Expenditure (I-18) | -89,144 | |
| Net Difference Between Prior Period Income And Expenses (D) | | 136,727 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള കമ്മിതുക (E) = C+D | | -135134 |

എന്നാൽ ഫോർമുല പ്രകാരം (I-19) - (I-18) എന്ന് ചേർത്തിട്ടുള്ളതിനാൽ D = -41,561 എന്നും അതിനാൽ E എന്നത് -230,000 രൂപയുമായാണ് കണക്കാക്കിയിരിക്കുന്നത്. ഈ തുകയാണ് Income And Expenditure Account ൽ കമ്മിതുകയായി ചേർത്തിട്ടുള്ളത്.

## 1-1-23 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7 ൽ വിവിധ ശീർഷകങ്ങളിലായി ആകെ 1964915/- രൂപയുടെ ഡെപ്പോസിറ്റ് ഉണ്ട്. ഇതിൽ കാലാവധി കഴിഞ്ഞ നിരവധി ഡെപ്പോസിറ്റുകളും ഉൾപ്പെട്ടിട്ടുണ്ട്.കേരള ഫിനാൽഷ്യൽ കോഡ് വോള്യം1 ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് വർഷത്തിലധികം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുണ്ട്. ഡെപ്പോസിറ്റുകൾ മുതൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 25.03.2022 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 221591767.00 | 219097631.00 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 24.02.203<br>2(1) | |

| | | |
|---|---|---|
| കമ്മിറ്റി തീരുമാനം | | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 186130098.00 | 184336883.00 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 16475000 | 16475000 | 14014691 | 2460309 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 3246000 | 3246000 | 2997983 | 248017 |
| മെയിന്റനൻസ്, റോഡ് | | 0 | 3882850 | 3882850 | 3524814 | 358036 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 5343000 | 5343000 | 5305009 | 37991 |
| CFC (Basic Grant) | ബാങ്ക് | 194427 | 2995802 | 3190229 | 1933402 | 1256827 |
| | ട്രഷറി | 0 | 71550 | 71550 | 0 | 71550 |
| CFC (Tied) | ബാങ്ക് | 3560708 | 4244000 | 7804708 | 6473646 | 1331062 |
| | ട്രഷറി | 0 | 1341556 | 1341556 | 1341556 | 0 |
| ദുരിതാശ്വാസനിധി | | 1288 | 19 | 1307 | 0 | 1307 |
| TSC | | 2148393 | 0 | 2148393 | 981523 | 1166870 |
| ICDS | | 409920 | 857864 | 1267784 | 697040 | 570744 |
| Health Grant (Dignostic Infrastructure) | | 0 | 208161+2778 (Interest) =210939 | 210939 | 129595 | 81344 |
| Health Grant (Conversion Of PHC) | | 0 | 80000+1141 (Interest) =81141 | 81141 | 80000 | 1141 |
| Vimukthi | | 28920 | 0 | 28920 | 23250 | 5670 |
| Grant For Specific Purpose Other Govt. Agencies | | 35338 | 1334648 | 1369986 | 1333333 | 36653 |
| Other Liabilities | | 190802 | 60000 | 250802 | 60000 | 190802 |
| Rural Housing | | 1500000 | 800000 | 2300000 | 800000 | 1500000 |
| Library Grant | | 8875 | 0 | 8875 | 0 | 8875 |

1)വികസന ഫണ്ട്-ജനറൽ, എസ്.സി.പി എന്നിവയുടെ വരവ് തുകയിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ Source Deductionന് മുമ്പുള്ള തുകയല്ല ചേർത്തിരിക്കുന്നത്.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

3)സ.ഉ.(സാധാ) നം. 8253/2022/ധന. തീയതി, 05/12/2022 പ്രകാരം അനുവദിച്ച റോഡ് സംരക്ഷണ ഫണ്ടിന്റെ മൂന്നാം ഗഡു തുകയായ 774150 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ACR ലും വരവ് വന്നിട്ടില്ല. ഒന്നാം ഗഡുവിന്റേയും (3108700/-) രണ്ടാം ഗഡുവിന്റേയും (774150/-) തുകയാണ് (3882850/-) ആകെ വരവ് ആയി രേഖപ്പെടുത്തിയിരിക്കുന്നത്.
ദീർഘകാലമായി ചെലവഴിക്കാത്ത ഗ്രാന്റുകൾ ആവശ്യമില്ലാത്ത പക്ഷം തിരികെ അടവാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 143 | 130035919 | 120 | 46899200 | 36 | 83.92 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1085076 | 1085076 | 436931 | 648145 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23305000 | 23305000 | 23305000 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 0 | 0 | 0 | 0 |
| ആകെ | 0 | 24390076 | 24390076 | 23741931 | 648145 |

## 1-6 ക്ഷേമ പദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡിച്ചർ I-6 പ്രകാരമുള്ളത് )

| പദ്ധതിയുടെപേര് | ചെലവുതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 1701800 | 145 |
| വിധവാപെൻഷൻ | 10119200 | 985 |
| വാർദ്ധക്യകാലപെൻഷൻ | 18080600 | 1798 |
| വികലാംഗപെൻഷൻ | 3504400 | 322 |
| 50 വയസ്സിന്മേൽപ്രായമുള്ളഅവിവാഹിതരായസ്ത്രീകൾക്കുള്ളപെൻഷൻ | 657600 | 60 |
| വിധവകളുടെപെൺമക്കൾക്കുള്ളവിവാഹധനസഹായം | 90000 | 3 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2023 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബുക്ക് പ്രകാരം 86,883/- രൂപയാണ് ക്ലോസിംഗ് ബാലൻസ് ആയി കണ്ടത്. 12.07.2012 ൽ പഞ്ചായത്തിൽ നിന്നും 71000/- രൂപ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട് (ഫയൽ നം. A2/71/11). പരിശോധനയിൽ 86,883/- രൂപയിൽ 71,000/- രൂപ കിഴിച്ച്, ബാക്കി 21.11.2023 ലെ ഡേബുക്ക് പ്രകാരമുള്ള തുകയായ 15,883/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

വാർഷിക കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ലൈഫ് ഭവനപദ്ധതി പൂർത്തീകരിക്കുന്നതിൽ ക്രിയാത്മകമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന്റെ തനതുവരുമാനം യഥാസമയം ലഭ്യമാകുന്നതിന് സന്ദർഭോചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമാണചട്ടങ്ങൾ പാലിക്കുന്നതിന് വേണ്ടുന്ന രേഖകൾ യഥാസമയം ബന്ധപ്പെട്ട കക്ഷികളിൽനിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-9 തനത് വരുമാനം - അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പത്ത് വർഷത്തിലധികമായി 100% നികുതി പിരിവ് പൂർത്തീകരിച്ച് വരുന്നുണ്ട്. കുടിശ്ശിക ഇല്ലാത്തതിനാൽ വസ്തുനികുതി കളക്ഷൻ ക്യാമ്പുകൾ നടത്താറില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് കൊണ്ട് തന്നെ 01.06.2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം കുടിശ്ശികയും അത് ഏതു കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കുന്നില്ല. എല്ലാ വർഷവും കുടുംബശ്രീ അംഗങ്ങൾ വഴി ഡിമാന്റ് നോട്ടീസ് വിതരണം നടത്താറുണ്ട്.

നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നില്ല. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്കും നൽകുകയും ചെയ്യേണ്ടതാണ്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തുന്നില്ല. (ഓഡിറ്റ് എൻക്വയറി നം.01/20.11.2023)

<u>വരുമാന വർദ്ധനവ്</u>

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് ( % ) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 1628891 | 1715536 | 5.32% | 128 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു. |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 830014 | 891914 | 7.46% | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 191240 | 93400+202430 | 54.69% | |
| തൊഴിൽ നികുതി - ജീവനക്കാർ | 342630 | 373420 | 8.99% | |
| FACTEOS ലൈസൻസ് | 66200 | 112300 | 69.64% | |

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

<u>**വസ്തുനികുതി**</u>

01.04.2023 ലെ വസ്തു നികുതി പരിഷ്കരണങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ മേഖല തരംതിരിവ്, റോഡുകളുടെ അടിസ്ഥാനത്തിലുള്ള തരംതിരിവ് എന്നിവ സംബന്ധിച്ച കരട് വിജ്ഞാപനം എടവിലങ്ങ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.04.2023 തീയതിയിലെ 8(1) നം. തീരുമാനപ്രകാരം 22.05.2023 തിയതിയിൽ പുറപ്പെടുവിച്ച് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഓഫീസുകളിൽ പ്രദർശിപ്പിക്കുകയും ദിനപത്രങ്ങളിൽ പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ യാതൊരു പരാതിയും ലഭിക്കാത്ത സാഹചര്യത്തിൽ ഭരണസമിതിയുടെ 30.06.2023 തീയതിയിലെ 17(1) നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം 01.08.2023 തീയതിയിൽ പ്രസിദ്ധപ്പെടുത്തി. സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ വസ്തു നികുതി നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ 06.11.2023 മുതൽ അസസ് ചെയ്തിട്ടുള്ള പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലാണ് നികുതി ഈടാക്കുന്നത്. 01.04.2023 തീയതിയിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് IKM -ൽ നിന്നും സോഫ്റ്റ്‌വെയർ അപ്ഡേഷൻസ് ലഭ്യമാകുന്ന മുറക്ക് പഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.

2022-23 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. 5% വർദ്ധനവിൽ നികുതി നിലവിൽ ഈടാക്കുന്നുണ്ട്. 2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ്

നികുതി ഇളവ് അനുവദിക്കേണ്ടത്. പഞ്ചായത്തിൽ മേഖലാ തലത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പുതിയ വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് ഭൂപ്രദേശം മുഴുവനായും പ്രഥമ മേഖലയിലാണ് പെടുത്തിയിട്ടുള്ളത്. ആയതിനാൽ മേഖലാടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കേണ്ട ആവശ്യമില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്തിൽ വാർഡ് തലത്തിലുള്ള റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല. തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ നാളിതു വരെ കണ്ടെത്തിയിട്ടില്ല. അത്തരത്തിലുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സർക്കുലർ RB3/178/2020-ത.സ്വ.ഭ.വ തിയതി 20.06.2022 പ്രകാരം ഫീൽഡ് സന്ദർശനങ്ങൾ നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ കുറവ് നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായി കാണുന്നു. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-19 പ്രകാരമുള്ള അപാകതകൾ ഇപ്പോഴും നിലനിൽക്കുന്നു. ടി കെട്ടിടങ്ങളുടെ വസ്തുനികുതി കൃത്യമായ രീതിയിൽ പുനർനിർണ്ണയിക്കേണ്ടതാണ്. പുതിയ വിജ്ഞാപന പ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഇത്തരത്തിൽ നികുതി നിർണയം നടത്തുമ്പോൾ വൻ തോതിലുള്ള വരുമാന നഷ്ടത്തിനും ഇടയുണ്ട്. ആയതിനാൽ കെട്ടിടങ്ങളിൽ സ്ഥല പരിശോധന നടത്തിയതിനു ശേഷം ബാധകമായ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്.

**സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇല്ല.

**തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് തയ്യാറാക്കിയിട്ടില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

**വിനോദനികുതി**

അമ്യൂസ്മെന്റ് പാർക്ക്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, ടർഫ് കോർട്ട്, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്തന അനുമതി നല്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ സിനിമ തിയറ്ററുകളൊന്നും പ്രവർത്തിക്കുന്നില്ല. ആയതിനാൽ തന്നെ പഞ്ചായത്തിന് വിനോദനികുതി ഇനത്തിൽ വരുമാനമില്ല. 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിപണനമേളകൾ ഒന്നും തന്നെ നടന്നിട്ടില്ല.

**നികുതിയേതര വരവുകൾ**

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട്. (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് ഭേദഗതി ചട്ടങ്ങൾ 2017ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) ലേലം, വാടക, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന

കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നുണ്ട്.

വാടകയിനത്തിൽ 2022-23 വർഷം പഞ്ചായത്തിന് നല്ലൊരു തുക വരുമാനമായി ലഭിച്ചിട്ടുണ്ട്. വാടക കുടിശ്ശികയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള ഭീമമായ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (നിലവിൽ ലഭിക്കുന്നത്/ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ

സ്വീകരിക്കേണ്ടതാണ്.

### 1-10 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തികവർഷം എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രൊജക്റ്റുകൾ സംബന്ധിച്ച കരാർ രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ സൂചിപ്പിക്കുന്ന കരാറുകാരുടെ പേരുവിവരങ്ങൾ ലഭ്യമായിട്ടുണ്ട്.

1)ആഷിക്ക് കെ.എം.

2)രഞ്ജിത്ത് ടി.

3)രാജീവ് വി.ഡി.

4)സിജിൽകുമാർ ഇ.ജി.

5)തബ്സീർ റഹ്മാൻ സി.എൻ.

6)രാഘവൻ പി.കെ.

7)രാഹുൽ സി.ആർ.

8)കാസിം പി.എ.

9)ഗിരീഷ്

10)സജീവൻ പി.എ.

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്, അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.26/23.11.2023)

### 1-11 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FACTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ആവശ്യമായ ജോലിക്കാരുടെ എണ്ണം |
|---|---|---|
| 1 | പുത്തൻകാട്ടിൽ ഇന്റസ്ട്രീസ് | 4 |
| 2 | ശ്രീ അംബിക ഇന്റസ്ട്രീസ് | 4 |
| 3 | പനങ്ങാട്ട് വെൽഡിംഗ് വർക്സ് | 4 |

| | | |
|---|---|---|
| 4 | ബിസ്മി കയർ പ്രൊഡക്ട്സ് | 8 |
| 5 | കൊപ്രക്കളം നാളികേരംവെട്ട് | 4 |
| 6 | കുടമ്പുളി ഹോട്ടൽ | 5 |
| 7 | സപ്ലൈക്കോ മാവേലി സ്റ്റോർ | 4 |
| 8 | വി എസ് മാർട്ട് | 7 |
| 9 | അമൂല്യ തേജ്ജസ് | 8 |
| 10 | ദ്യുതി ഹെൽത്ത് ക്ലിനിക്ക് | 5 |
| 11 | പ്രഭാസ് ഫുഡ് പ്രൊഡക്ട്സ് | 5 |
| 12 | ന്യൂ മച്ചാൻസ് ഹോട്ടൽ | 4 |
| 13 | ചമയം ടൈലറിംഗ് യൂണിറ്റ് | 5 |
| 14 | പെർഫെക്ട് ഡിസൈൻ വർക്സ് | 10 |
| 15 | ഡ്രീംസ് കളക്ഷ് | 4 |
| 16 | VKK കാറ്ററിംഗ് | 4 |
| 17 | സബാസു സൊല്യൂഷൻസ് | 10 |
| 18 | നവജ്യോതി ഫുഡ് പ്രൊഡക്ട്സ് | 8 |
| 19 | വിംബിസ് ബേക്കറി | 7 |
| 20 | ലക്ഷ്മി തയ്യൽ ഗ്രൂപ്പ് | 5 |
| 21 | ഓറ ക്രിയേഷൻസ് | 4 |
| 22 | ഓറ ഡെന്റൽ കെയർ | 4 |

ഇത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.26/23.11.2023), മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

## 1-12 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 3/306 A | സീനത്ത് | SC1-1786/22 31.05.2022 | 01.04.2022 To 30.09.2022 |
| 2 | 6/284-289, 292 | മുഹമ്മദാലി പടിയത്ത് | SC1-1644/22 18.05.2022 | 01.04.2022 To 30.09.2022 |
| 3 | 8/192 K,L,M,N,P,S,T,U | മുഹമ്മദ് ബഷീർ ചളിങ്ങാട്ട് | SC1-2163/22 25.06.2022 | 01.04.2022 To 30.09.2022 |
| 4 | 13/227 C,E | തോമസ് ബഞ്ചമിൻ | SC1-6024/22 26.11.2022 | 01.10.2022 To 31.03.2023 |

വേക്കൻസി റമിഷനുമായി ബന്ധപ്പെട്ട മുഴുവൻ അപേക്ഷകളും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/23.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച് കൊണ്ട് മാത്രം ഇളവ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-13 ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു**

2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

**1) കന്നുകാലി ഫാം : 5 മൃഗങ്ങൾ**

**2) ആട് ഫാം : 20 മൃഗങ്ങൾ**

**3) പന്നി ഫാം : 5 മൃഗങ്ങൾ**

**4) മുയൽ ഫാം : 25 മൃഗങ്ങൾ**

**5) പൗൾട്രി ഫാം : 100 പക്ഷികൾ**

എടവിലങ്ങ് ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തികവർഷം ലൈവ്സ്റ്റോക്ക് ഫാമുകൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും (ഫോറം 6) പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | താജുദ്ദീൻ, പുതിയവീട്ടിൽ | 1/57 | 65 | ലൈവ്സ്റ്റോക്ക് ഷെഡ് |
| 2 | ശങ്കരനാരായണൻ അടിപറമ്പില് | 9/278 A | 136 | ലൈവ്സ്റ്റോക്ക് ഷെഡ് |
| 3 | സലജ കൊക്കുവായിൽ | 9/307 | 102 | ലൈവ്സ്റ്റോക്ക് ഷെഡ് |
| 4 | പി.എം.മൂസ്സക്കുട്ടി പതീയാശ്ശേരി | 14/158 A,B | 30.6+47.74 | ലൈവ്സ്റ്റോക്ക് ഷെഡ് |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഷെഡുകളിൽ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമാക്കേണ്ടതോടൊപ്പം ആയവ ലൈസൻസില്ലാതെയാണോ പ്രവർത്തിക്കുന്നത് എന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 11/21.11.2023), "ക്രമ നം.1 കെട്ടിടത്തിൽ നടത്തുന്ന ഫാമിൽ 3 കന്നുകാലികൾ മാത്രമാണുള്ളത്. ആയതിനാൽ ലൈവ്സ്റ്റോക്ക് ലൈസൻസ് എടുക്കേണ്ടതില്ല. ക്രമ നം. 2,3 കെട്ടിടങ്ങളിൽ നിലവിൽ ഫാമുകൾ പ്രവർത്തിക്കുന്നില്ല. ക്രമ നം.4 കെട്ടിടത്തിൽ പി.എം.മൂസ്സക്കുട്ടി പതീയാശ്ശേരി നടത്തുന്ന ലൈവ്സ്റ്റോക്ക് ഫാം പ്രവർത്തിക്കുന്നുണ്ട്. ടിയാൻ എല്ലാ വർഷവും FACTEOS ലൈസൻസ് എടുക്കുന്നുണ്ടെങ്കിലും ലൈവ്സ്റ്റോക്ക് ലൈസൻസ് എടുത്തിട്ടില്ല. ലൈവ്സ്റ്റോക്ക് ലൈസൻസ് എടുക്കുന്നതിനായി ടിയാന് കത്ത് നൽകുന്നതാണ് " എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകളിൽ ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവയെ കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം 2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ചട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിന്മേൽ ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്ന് പോരുന്ന

സംഗതിയിൽ അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

**1-14 FACTEOS ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങൾ നടത്തുന്നതിന് ഉപയോഗപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.**

FACTEOS ലൈസൻസ് രജിസ്റ്റർ പ്രകാരം വിവധ സ്ഥാപനങ്ങൾ നടത്തുന്നതിന് ഉപയോഗപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| വാർഡ്/ കെട്ടിട നം | FACTEOS രജിസ്റ്റർ പ്രകാരം നടത്തുന്ന വ്യാപാരം | സ്ഥാപന ഉടമ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഉപയോഗക്രമം |
|---|---|---|---|
| 4/1,2 | മങ്കാറ സ്റ്റോഴ്സ് (പലചരക്ക് കച്ചവടം) | എം.വി രാജൻ | 4/1 - പാർപ്പിടാവശ്യം<br>4/2- വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 4/12 | സ്റ്റിസ്കോ ടോക്കോ ഫുഡ്സ് | ജോയ് കെ.ബി. | പാർപ്പിടാവശ്യം |
| 6/302 A | ഓറ ക്രിയേഷൻസ് (ടൈലറിംഗ് സെന്റർ) | ദിനേശ്കുമാർ & ഉദയകുമാർ | പാർപ്പിടാവശ്യം |
| 8/301 | ഖദീജ സ്റ്റോഴ്സ് (പലചരക്ക് കച്ചവടം) | സുബൈർ യു.എം. | പാർപ്പിടാവശ്യം |

പാർപ്പിടാവശ്യം എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ചിട്ടുള്ള മേൽ കെട്ടിടങ്ങളിൽ മറ്റ് വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൽ നിന്നും FACTEOS ലൈസൻസ് അനുവദിച്ച് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/23.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി നിർണ്ണയിക്കേണ്ടതും

സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. വസ്തുനികുതി എന്നത് പഞ്ചായത്തിന്റെ തനതുവരുമാനമായതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

### 1-15 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

2022-23 വർഷത്തെ ബാലൻഷീറ്റ് പ്രകാരം വാടകയിനത്തിൽ 431400101 Rent Receivables From Buildings (Current) – 77,213/-, 431400102 Rent Receivables From Buildings (Arrears) – 4,83,308/- എന്നിങ്ങനെ തുകകൾ കുടിശ്ശികയുണ്ട്. മേൽ തുകകൾ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 16/23.11.2023), 2022-23 വർഷത്തിൽ വാടക ഇനത്തിൽ കുടിശ്ശിക വരുത്തിയ 4 പേർക്ക് എതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരുന്നു എന്നും, ആയതിൽ 2 പേർ 2023-24 വർഷം സാമ്പത്തിക വർഷം കുടിശ്ശിക പൂർണ്ണമായും അടവാക്കിയതായും, ബാക്കി 2 പേരിൽ നിന്നും, 2021-22 വർഷം കുടിശ്ശിക വരുത്തിയരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-16 കരാറില്ലാതെ കടമുറികൾ വാടകയ്ക്ക് നൽകി

2022-23 വർഷം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളതിൽ താഴെ പറയുന്ന കടമുറികൾ കൈവശം വച്ചിരിക്കുന്നവരുമായി പഞ്ചായത്ത് വാടകക്കരാറിലേർപ്പെട്ടിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | കെട്ടിട നം | കൈവശക്കാരുടെ പേര് വിവരം |
|---|---|---|
| 1 | 4/454 | രതീഷ് രാജൻ |
| 2 | 8/38,39 | പ്രസന്നൻ |
| 3 | 8/40 | അബ്ദുൾ സലാം |
| 4 | 8/41 | സത്യഭാമ |
| 5 | 8/42 | സുധീരൻ |
| 6 | 8/43 | അബ്ദു |
| 7 | 8/44 | സുഹറ |
| 8 | 8/45 | നൂർജഹാൻ |
| 9 | 8/46 | അബ്ദുൾ ഖാദർ |
| 10 | 8/53 A | വേണു |

കരാറില്ലാതെ കടമുറികൾ വാടകയ്ക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/23.112023), ക്രമ നം. 1,10 വാടകക്കരാർ സമർപ്പിക്കുന്നതിന് പല തവണ നോട്ടിസ് നൽകിയെങ്കിലും 2023-24 വർഷത്തിലാണ് എഗ്രിമെന്റ് ഹാജരാക്കിയത് എന്നും, ക്രമ നം 2 മുതൽ 9 വരെ WPC(C)NO.6408 Dtd 23.02.2018 പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് പൊളിക്കുന്നതുമായി ബന്ധപ്പെട്ട് കേസ്

നിലവിലുള്ളതിനാൽ 8/38 മുതൽ 8/46 വരെയുള്ള മുറികൾക്ക് എഗ്രിമെന്റ് വക്കാൻ കൈവശക്കാർ തയ്യാറാകുന്നില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2005 ലെ കേരള പഞ്ചായത്ത് രാജ് വസ്തു ആർജ്ജിക്കലും ചട്ടങ്ങൾ, ചട്ടം 7(2)(1) പ്രകാരം കൈവശക്കാരുമായി കരാറിലേർപ്പെടാതെ കടമുറികൾ വാടകയ്ക്ക് നൽകാൻ പാടില്ലാത്തതാണ്.ആയതിനാൽ എത്രയും വേഗം എല്ലാ കൈവശക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

## 1-17 മരങ്ങളുടെ ലേലം – വനവികസന നികുതി അടവാക്കിയിട്ടില്ല

എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലും, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ മരങ്ങൾ ലേലം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | ലേലം നടന്ന തിയതി | ലേല തുക | ലേലം കൊണ്ട വ്യക്തി | വന നികുതിയിനത്തിൽ അടവാക്കേണ്ട തുക (5%) |
|---|---|---|---|---|---|
| 1 | പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലെ മരങ്ങൾ | 26.07.2022 | 75000 | അശ്വന്ത് കെ.എൽ | 3750/- |
| 2 | GFLP സ്കൂൾ കോമ്പൗണ്ടിലെ മരങ്ങൾ | 14.06.2022 ലെ 18/1 തീരുമാനപ്രകാരം ക്വട്ടേഷൻ അംഗീകരിച്ചു | 2200 | സുജിത്ത് വട്ടേക്കാട്ടിൽ | 110/- |

ലേലം/ക്വട്ടേഷൻ കൊണ്ട തുകകൾക്ക് ബന്ധപ്പെട്ട വ്യക്തികൾ 1984 ലെ കേരള വന നിയമം 75 A വകുപ്പ് അനുസരിച്ച് 5% വനവികസന നികുതി അടവാക്കിയിട്ടുണ്ടോ എന്നത് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്. ആയത് ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/23.11.2023), രസീത് നം.1220101473/17.08.2022 പ്രകാരം 3750/- രൂപയും, രസീത് നം.1230101849/23.11.2023 പ്രകാരം 110/- രൂപയും നികുതിയിനത്തിൽ പഞ്ചായത്ത് ഈടാക്കിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ തുകകൾ വനവകുപ്പിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം, വാർഷിക കണക്കുകളുടെ ഓഡിറ്റ്

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആശുപത്രികളുടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം, വാർഷിക കണക്കുകളുടെ ഓഡിറ്റ് എന്നിവ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-29/24-11-23 ന് മെഡിക്കൽ ഓഫീസർമാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ആശുപത്രി | HMC സ്ഥാപിതമായ വർഷം | കേരള സംസ്ഥാന ഓഡിറ്റിനു സമർപ്പിച്ച അവസാന വർഷത്തെ കണക്കുകൾ | 2022-23 വർഷത്തിലെ കണക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയ വിവരം | ഓഡിറ്റ് പൂർത്തിയാക്കിയ വർഷം |
|---|---|---|---|---|
| ആയുർവേദ ഡിസ്പൻസറി,എടവിലങ്ങ് | 10.03.2023 | സമർപ്പിച്ചിട്ടില്ല. | സമർപ്പിച്ചിട്ടില്ല. | |
| ഹോമിയോ ഡിസ്പൻസറി,എടവിലങ്ങ് | 28.01.2022 | 2022-23 | കത്ത് നം.24/2023 /GHDE/10.08.2023 | പൂർത്തീകരിച്ചിട്ടില്ല |
| കുടുംബാരോഗ്യ കേന്ദ്രം,എടവിലങ്ങ് | 18.08.2007 | 31.03.2012 | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |

മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ 2022-23 വരെയുള്ള വർഷങ്ങളിലെ വാർഷികകണക്കുകൾ ഓഡിറ്റ്

നടത്തുന്നതിനായി ജില്ലാ ഓഡിറ്റ് കാര്യാലത്തിലേക്ക് അയച്ചുതരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

### 1-19 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല .

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല .ആയത് ലഭ്യമാക്കേണ്ടതാണ്.വിശദവിവരം താഴെ കൊടുക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം.-21/23-11-23)

| പ്രൊജക്ട് നം./പേര് | ബിൽ നം. | തുക | അപാകത |
|---|---|---|---|
| വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ ,42/23 അടങ്കൽ- വികസന ഫണ്ട്(ജനറൽ)- 413228/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 71550/- തനത് ഫണ്ട്- 100000/- | **42201072/28.03.2023** | 263567/-വികസന ഫണ്ട്(ജനറൽ) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

### 1-20 സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം-10987/-അധികം നൽകി

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രധാന അധ്യാപിക |
|---|---|
| പ്രോജക്ട് നം./ പേര് | 67/23, സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം |
| അടങ്കൽ | 275000/-, വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 353993/- |
| വൗച്ചർ നം/തിയ്യതി, തുക | 42201202/16.12.2022 – 35549/-<br>42201181/07.01.2023 – 74292/-<br>42201146/14.02.2023 - 86494/-<br>42201108/13.03.2023 – 87624/-<br>42201061/28.03.2023 – 70034/-<br>353993/- |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള രണ്ട് ഗവ.പ്രൈമറി വിദ്യാലയങ്ങളിലേയ്ക്ക് 21.11.2022 മുതൽ 31.03.2023 വരെ ആഴ്ച്ചയിൽ അഞ്ച് ദിവസം പ്രഭാത ഭക്ഷണം നൽകുന്നതിനാണ് പ്രൊജക്ടിന്റെ ലക്ഷ്യം.ഇതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ വിളിക്കുകയും 01.11.2022 തിയതിയിലെ ഭരണസമിതി യോഗത്തിലെ 7(1) നം.തീരുമാന പ്രകാരം പുനർജ്ജനി കുടുംബശ്രീ യൂണിറ്റിന് താഴെ പറയും പ്രകാരം ക്വട്ടേഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

| ഇനം | അളവ് | തുക |
|---|---|---|
| ഇഡ്ഡലി, സാമ്പാർ | 100g | 15 |
| കൊഴക്കട്ട(1 എണ്ണം) | 100g | 15 |
| ഇലയട | 100g | 13 |
| വട്ടേപ്പം | 100g | 12 |

| | | |
|---|---|---|
| അപ്പം,കറി | 100g | 13 |

ഇതിന്റെ അടിസ്ഥാനത്തിൽ 11.11.2022 ന് ടി യൂണിറ്റുമായി കരാർ വെക്കുകയും(നം.ഇല്ല) മുകളിൽ പറഞ്ഞ വിഭവങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

15.09.2022 ലെ P1/22-23 നം. ക്വട്ടേഷൻ പ്രകാരം പുനർജ്ജനി കുടുംബശ്രീ യൂണിറ്റ് താഴെ പറയും പ്രകാരം ആണ് തുക ക്വാട്ട് ചെയ്തിട്ടുണ്ട്.

| ഇനം | അളവ് | തുക |
|---|---|---|
| ഇഡ്ഡലി,സാമ്പാർ | 100g | 15 |
| കൊഴുക്കട്ട(1 എണ്ണം) | 100g | 13 |
| ഇലയട | 100g | 13 |
| വട്ടേപ്പം | 100g | 12 |
| അപ്പം,കറി | 100g | 13 |

കൊഴുക്കട്ടയ്ക്ക് 100g ന് 13/- രൂപമാത്രമാണ് ക്വാട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടാബുലേഷൻ ചാർട്ടിലും കമ്മിറ്റി തീരുമാനത്തിലും കരാറിലും 15/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം 15/- രൂപ നിരക്കിൽ കൊഴുക്കട്ട വിതരണം ചെയ്തു. അതു പ്രകാരം അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തുക | കൊഴുക്കട്ടയുടെ എണ്ണം | നൽകിയ തുക | നൽകേണ്ടത് | അധികം |
|---|---|---|---|---|---|
| 152/25.11.22 | 22094 | 323 | 4845 | 4199 | 646 |
| 153/30.11.22 | 13455 | 322 | 4830 | 4186 | 644 |
| 158/09.12.22 | 21842 | 319 | 4785 | 4147 | 638 |
| 159/16.12.22 | 22015 | 321 | 4815 | 4173 | 642 |
| 160/23.12.22 | 22219 | 321 | 4890(4815 ന് പകരം അധികം) | 4173 | 717 |
| 161/07.01.2023 | 20121 | 323 | 4845 | 4199 | 646 |
| 162/13.01.23 | 21725 | 321 | 4815 | 4173 | 642 |
| 163/20.01.23 | 17939 | 321 | 4815 | 4173 | 642 |
| 164/27.01.23 | 17336 | 317 | 4755 | 4121 | 634 |
| 165/31.01.23 | 9375 | 301 | 4515 | 3913 | 602 |
| 170/10.02.23 | 21983 | 326 | 4890 | 4238 | 652 |
| 169/17.02.2023 | 21769 | 326 | 4890 | 4238 | 652 |
| 171/24.02.23 | 21961 | 320 | 4800 | 4160 | 640 |
| 172/28.02.23 | 9735 | 323 | 4845 | 4199 | 646 |
| 353/10.03.23 | 22089 | 325 | 4875 | 4225 | 650 |
| 354/17.03.23 | 22036 | 322 | 4830 | 4186 | 644 |
| 356/22.03.2023 | 13620 | 325 | 4875 | 4225 | 650 |
| | | 5456 | 81915 | 70928 | 10987 |

അധികം നൽകിയ 10987 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം . 05/20.11.2023)

**1-21 അമൃതം ഫുഡ് വാങ്ങിയതിന് ജി എസ് ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 10/23 --അംഗൻവാടി പോഷകാഹാര പദ്ധതി എന്ന പ്രൊജക്ട് പ്രകാരം നവജ്യോതി ഫുഡ് പ്രൊഡക്ട്, അമൃതം ഫുഡ് സപ്ലിമെന്റ്, എടവിലങ്ങ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ

നിന്നും താഴെ പറയും പ്രകാരം അമൃതം ഫുഡ് 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ഇൻവോയ്സ് നമ്പർ, തീയതി | തുക | CGST | SGST | വൗച്ചർനമ്പർ തീയതി, തുക,ഫണ്ട് |
|---|---|---|---|---|
| 370/30.01.2023-67410/-<br>364/26.12.2022-80850/- | 148260 | 3706.5 | 3706.5 | 42200867 /17.03.23-428932/- (വികസനഫണ്ട്, ജനറൽ) |
| 360/24.11.2022-67200/- | 67200 | 1680 | 1680 | 42201053/09.12.22 281126/- (വികസനഫണ്ട്, ജനറൽ) |
| 351/30.08.22-68250/-<br>344/30.07.2022-82565/-<br>337/20.06.2022-69510/- | 220325 | 5508.13 | 5508.13 | 42201018/01.10.22 200000/- (വികസനഫണ്ട്, ജനറൽ)<br>42201128/09.12.22 281120 (വികസനഫണ്ട്, ജനറൽ) (ബാക്കി തുക) |
| 325/28.02.22-92855/-<br>328/24.03.22-77490/- | 170345 | 4258.63 | 4258.63 | 42200971/26.05.22 -300000/- (വികസനഫണ്ട്, ജനറൽ) |
| ആകെ | 606130 | | | |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017 ലെ വകുപ്പ് 51(1) പ്രകാരവും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടിക പ്രകാരം നവജ്യോതി ഫുഡ് പ്രൊഡക്ട്, അമൃതം ഫുഡ് സപ്ലിമെന്റ്, എടവിലങ്ങ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഫുഡ് വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ GST, ടി.ഡി.എസ് ഈടാക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.14/20.11.2023).

## 1-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

വി.ഇ.ഒ.കാര(സർക്കിൾ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ജൽജീവൻ മിഷൻ എന്ന പദ്ധതികൾക്കായി (നം.21/23 & 132/23) യഥാക്രമം 161332/-രൂപയും 1341556/- രൂപയും KWA,പിച്ച് സെക്ഷൻ,കൊടുങ്ങല്ലൂരിന് നൽകിയിട്ടുണ്ട്.എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

1.വൗച്ചർ നം.42200411/26.09.2022 161332/-

2.വൗച്ചർ നം.42201043/01.12.2022 1341556/-

ഈ തുകകൾ കൂടാതെ മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ KWA,പി.എച്ച്. സെക്ഷൻ,കൊടുങ്ങല്ലൂരിന് നൽകിയിട്ടുണ്ട്.ആയതിന്റ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

| വർഷം | തുക |
|---|---|
| 2020-21 | 845132 |
| 2021-22 | 1613312 |

| | |
|---|---|
| 2021-22 | 319868 |
| 2021-22 | 185272 |
| 2021-22 | 2963586 |

ഗുണഭോക്തൃ വിഹിതം ഇനത്തിൽ 900592/- രൂപയും 2021-22 വർഷം നൽകിയിട്ടുണ്ട്.

മേൽ പറഞ്ഞ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.22/23.11.2023)

## 1-23 മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ., കാര നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ രജിസ്റ്റർ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്ന (ഓഡിറ്റ് എൻക്വയറി നമ്പർ 23/23.11.23).

| പദ്ധതിയുടെ പേര്/നം. | ഗുണഭോക്താക്കൾ | പദ്ധതി പ്രകാരം അർഹതപ്പെട്ട തുക | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തിയതി |
|---|---|---|---|---|
| വീട് വാസയോഗ്യമാക്കൽ, (ജനറൽ) 64/23 | ലീല സുധാകരൻ | 50000/- | 25000/- | 14.02.2023 |
| | സന്ധ്യ ദിലീപ് | 50000/- | 25000/- | 14.02.2023 |
| | രാജി ഷൺമുഖൻ | 50000/- | 25000/- | 14.02.2023 |
| വീട് വാസയോഗ്യമാക്കൽ (എസ്.സി), 65/23 | ജിഷ അശോകൻ | 100000/- | 50000/- | 25.03.2023 |
| ” | വത്സല ഉണ്ണികൃഷ്ണൻ | 100000/- | 50000/- | 25.03.2023 |

## 1-24 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - 11184/- രൂപ തടസ്സപ്പെടുത്തുന്നു.

അടങ്കൽ-313152/-(വികസന ഫണ്ട് -ജനറൽ)

വൗച്ചർ നം. 42201090/16.03.2023 - 313152/-

ഓഡിറ്റ് എൻക്വയറി നം.27/23.11.2023

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (56/23) എന്ന പ്രൊജക്ട് പ്രകാരം കീർത്തി ഫർണീച്ചർ, കൊട്ടുങ്ങല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും ഒരു കട്ടിലിന് 2796/- രൂപ നിരക്കിൽ 313152/- രൂപയ്ക്ക് ഇൻവോയ്സ് നം.24/16.01.2023 പ്രകാരം 112 കട്ടിൽ വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 108 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 4 കട്ടിലുകൾ വിതരണം ചെയ്യുന്നത് വരെ 11184/- രൂപ (4x2796) തടസ്സപ്പെടുത്തുന്നു.

## 1-25 കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

അടങ്കൽ

1. വികസനഫണ്ട് (ജനറൽ) - 162500/-

2.ഗുണഭോക്തൃവിഹിതം(നേരിട്ട്)- 162500/-

325000/-

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം എന്ന പ്രൊജക്ടിനായി (81/23) വൗച്ചർ നം. 42201190/27.12.2022 പ്രകാരം 13 ഗുണഭോക്താക്കൾക്കായി 162,500/- SLBP ഡയറക്ടർക്ക്(സംസ്ഥാന വിഹിതം ഉൾപ്പെടെ 12500/- രൂപ നിരക്കിൽ) തുക കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-26 മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നടപ്പാക്കിയ പ്രൊജക്ടുകൾ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്ന വാങ്ങുന്നതിനായി മാനേജിംഗ് ഡയറക്ടർ, KMSCL ന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ മുഴുവനായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ-06/23

| ക്രമ നമ്പർ | വൗച്ചർ നം, തിയതി, തുക | KMSCL ന് നൽകിയ തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | മരുന്ന് ലഭിച്ചതിന്റെ വിവരം ഇൻവോയ്സ് നമ്പർ /തുക | ബാക്കി മരുന്ന് ലഭിക്കാനുള്ള തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|---|---|
| 1 | 42201000/06.09.2022, 142046/- | 100000/- | PRF496/ 29.06.2022 | 1.12335/11.07.2023 – 32122/-<br>2.12773/14.07.2023 – 3420/-<br>3.13840/25.07.2023 - 17920/- | 46538/- | 251110008 Medical Institution-allopathy-purchase Of Medicine For Hospitals) |
| | ആകെ | 100000/- | | 53462/- | 46538/- | |
| 2. | 42201034/05.11.2022, 96384/- | 96384/- | PRF1694/17.10.2022 | 1.9545/16.06.2023 – 3091/-<br>2.10867/27.06.2023 – 9744/-<br>3.12908/15.07.2023 – 16184/-<br>4.14835/31.07.2023 - 25088/- | 42277/- | 251110008 Medical Institution-allopathy-purchase Of Medicine For Hospitals) |
| | ആകെ | 96384/- | | 54107/- | 42277/- | |

2. പെയിൻ & പാലിയേറ്റീവ്

പ്രോജക്ട് നമ്പർ-04/23

| ക്രമ നമ്പർ | വൗച്ചർ നം, തിയതി, തുക | KMSCL ന് നൽകിയ തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | മരുന്ന് ലഭിച്ചതിന്റെ വിവരം ഇൻവോയ്സ് നമ്പർ /തുക | ബാക്കി മരുന്ന് ലഭിക്കാനുള്ള തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|---|---|
| 1 | 42200985/11.07.2022, 149887/- | 112146/- | PRF449/ 23.06.2022 | 1.8255/08.08.2022 – 6955/-<br>2.14271/19.10.2022 – 8322/-<br>3.17402/16.11.2022 – 19962/-<br>4.18382/23.11.2022 – 45158/-<br>5.19986/14.12.2022 – 3496/-<br>6.20051/15.12.2022 – 4792/- | 11410/- | 251110501 Health Related Activties-Palliative Care |

| | | | | | | |
|---|---|---|---|---|---|---|
| | | | | 7.20254/16.12.2022 – 7435/-<br>8.23021/13.01.2023 – 1289/-<br>9.26876/13.03.2023 – 1445/-<br>10.7664/03.06.2023 – 4437/-<br>11.15005/02.08.2023 – 1510/-<br>12.18261/20.09.2023 – 342/-<br>13.19703/19.10.2023 - 593/- | | |
| | ആകെ | 112146/- | | 100736/- | 11410/- | |
| 2. | 42201022 /05.11.2022, 128911/- | 107471/- | PRF1617/ 12.10.2022 | 1.9533/16.06.2023 – 12154/-<br>2.12993/15.07.2023 – 5645/-<br>3.12914/15.07.2023 – 1364/-<br>4.13729/24.07.2023 – 7387/-<br>5.15486/09.08.2023 – 6128/-<br>6.14035/26.07.2023 – 45158/-<br>7.18153/20.09.2023 – 9962/-<br>8.18983/04.10.2023 - 4153/- | 15520/- | 251110501 Health Related Activties-Palliative Care |
| | ആകെ | 107471/- | | 91951/- | 15520/- | |

തുക മുൻകൂറായി നല്കിയിട്ടുള്ളതിനാലും 31/3/2023 ൽ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാലും ഇനി ലഭിയ്ക്കാനുള്ള മരുന്നുകളുടെ തുക, മുൻകൂർ നല്കിയത് ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് ആയത് വാർഷിക കണക്കിൽ ഉചിതമായ "ക്രമീകരിക്കാനവശേഷിയ്ക്കുന്ന മുൻകൂർ" ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നതെങ്കിലും മുഴുവൻ തുകയും തെറ്റായി ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (251110501 Health Related Activties-Palliative Care, 251110012-medical Institution-allopathy- Health Related Activties, 251110008 Medical Institution-allopathy-purchase Of Medicine For Hospitals)

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 16(3) പ്രകാരം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ചെലവ് സംബന്ധിച്ച വിവരങ്ങൾ തൊട്ടടുത്ത മാസം ലഭ്യമാക്കി പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗം ചെലവ് ശീർഷകങ്ങൾ കൃത്യമാക്കാത്തതാണ് ഇതിന് കാരണം. നിർവ്വഹണോദ്യോഗസ്ഥൻ ഏതുദ്ദേശ്യത്തിന് തുക വിനിയോഗിച്ചുവെന്ന വിവരങ്ങൾ പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗത്തിന് ലഭ്യമാക്കേണ്ടതും അക്കൗണ്ട്സ് വിഭാഗം ഈ ചെലവുകൾ ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.30/24.11.2023)

**1-27 മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിച്ചിട്ടില്ല**

വി.ഇ.ഒ., എടവിലങ്ങ്, നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ രജിസ്റ്റർ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിച്ച് വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു (ഓഡിറ്റ് എൻക്വയറി നം.32/24.11.2023).

| പദ്ധതിയുടെ പേര്/നം | ഗുണഭോക്താക്കൾ | പദ്ധതി പ്രകാരം അർഹതപ്പെട്ട തുക | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തിയതി |
|---|---|---|---|---|
| ലൈഫ്, (ജനറൽ)62/23 | റാണി, പോണത്ത് വീട് | 400000/- | 40000/- | 06.03.2023 |
| | ഷീല വി.എസ് | | 40000/- | 66.03.2023 |

## 1-28 ഹോമിയോ-മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രൊജക്ട് നമ്പർ: 8/23

അടങ്കൽ: 300000

ചെലവ്: 300000

ഫണ്ട് : മെയിന്റനൻസ് ഫണ്ട്( റോഡിതരം)

വൗച്ചർ നം: 42201171/24.01.23

1. മേൽപദ്ധതിക്കായി ആലപ്പുഴHOMCOയ്ക്ക് 300000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട് . നാളിതുവരെ 79948/-രൂപയുടെ മരുന്ന് മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ (LF 1089/22.8.23). ബാക്കി 220052/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.മരുന്ന് വാങ്ങുന്നതിനുള്ള തുക സ്ഥാപനത്തിന് മുൻകൂർ ആയി നല്കിയതാണെങ്കിലും വാർഷികകണക്കിൽ ചെലവായിട്ടാണ് (ശീർഷകം-251110208) രേഖപ്പെടുത്തിയിട്ടുള്ളത്. മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ മരുന്നുകൾ ലഭ്യമാക്കി ഈ തുക ക്രമീകരിക്കുന്നത് നിരീക്ഷിക്കാൻ സാധിക്കില്ല.

ക്രമ നം 1 ന് നിർവ്വഹണോദ്യോഗസ്ഥനും 2 ന് പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗവും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

മരുന്നുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് HOMCOയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (നം.3/ 20.11.23) മറുപടിയിൽ അറിയിച്ചിട്ടുണ്ട്,

## 1-29 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവേദം)
പ്രൊജക്ട് നമ്പർ: 9/23
അടങ്കൽ: 4,00,000
ചെലവ്: 4,00,000

ഫണ്ട് : റോഡിതരം
വൌച്ചർ നമ്പർ: 42200978/24.06.22, 100000/-

42201007/15.09.22, 100000/-

42201025/09.11.22, 100000/-

42201028/19.11.22, 100000/-

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാവകുപ്പ്, തൃശ്ശൂരിൽ നിന്നും നോൺ-അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിനെ തുടർന്ന് ഔഷധി, ദ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ്, കുട്ടനല്ലൂരിൽ നിന്നുമാണ് മരുന്നുകൾ വാങ്ങിയിരിക്കുന്നത്. ഈ പ്രൊജക്ട് പ്രകാരം മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ള ചില ഇൻവോയിസുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏതാനും മരുന്നുകളുടെ മാനുഫാക്ച്ചറിങ് തീയതി ഇൻവോയിസ് തീയതിക്ക് ശേഷം വരുന്ന രീതിയിലാണ് ലഭ്യമാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | മരുന്നിന്റെ | ബാച്ച് | ഇൻവോയ്സ് | മാനുഫാക്ച്ചറിങ് |
|---|---|---|---|---|

| നം | പേര് | നമ്പർ | നം./തീയതി | തീയതി |
|---|---|---|---|---|
| 1 | വരാച്ചൂർണ്ണം | C142246 | 90284544/29.12.22 | 01/2023 |
| 2 | അരഗ്വധാരിഷ്ടം | A6226 | ” | 01/2023 |
| 3 | അമൃതാരിഷ്ടം | A22225 | 90288894/31.01.23 | 02/2023 |
| 4 | കരപ്പൻ തൈലം | T92222 | 90293093/28.02.23 | 03/2023 |
| 5 | മുറിവെണ്ണ | T4222128 | ” | 03/2023 |
| 6 | ഇളനീർ കുഴമ്പ് | T612214 | ” | 03/2023 |

ഈ അപാകത്തിന് ഔഷധിയിൽ നിന്ന് ലഭിച്ച മറുപടി മെഡിക്കൽ ഓഫീസർ ഹാജരാക്കിയിട്ടുണ്ട്. ആയത് ഇപ്രകാരമാണ്.

"ഔഷധിയിൽ നിന്ന് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഇൻവോയ്സ് “SAP" എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കി പാക്കിംഗിനായി സ്റ്റോറിലേക്ക് അയക്കുന്നു. സ്റ്റോറിൽ മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് പാക്ക് ചെയ്ത് ഇൻവോയ്സ് പ്രിന്റ് എടുത്താണ് മരുന്നുകൾ വിതരണം നടത്തുന്നത്.ഇൻവോയ്സുകളിൽ താഴെയായി പാക്കിംഗ് നടത്തിയ തിയ്യതി രേഖപ്പെടുത്തിയിട്ടുണ്ട്.”

